നം:ICDS.B3-37000/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി: 22.12.2016

# സർക്കുലർ

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - ഐസിഡിഎസ് - കുടുംബശ്രീ മിഷൻ- അമൃതം ന്യൂട്രിമിക്സ് -നിർമ്മാണം- ഗോതമ്പിന്റെ ഉപയോഗം- പരിശോധന നടത്തുന്നത്-സംബന്ധിച്ച്.

സൂചന :-

സാമൂഹ്യനീതി വകുപ്പിന് കീഴിലെ അങ്കണവാടികളിലെ 6 മാസം മുതൽ 3 വയസുവരെ പ്രായമുള്ള കുട്ടികൾക്ക് കുടുംബശ്രീ മുഖാന്തിരം അമൃതം ന്യൂട്രിമിക്സ് നൽകി വരുന്നു. കേന്ദ്രസർക്കാരിൽ നിന്നും WBNP പദ്ധതി പ്രകാരം ലഭിക്കുന്ന ഗോതമ്പാണ് ന്യൂട്രിമിക്സ് നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. ഓരോ ക്വാർട്ടറിലെയും ന്യൂട്രിമിക്സിന്റെ റിക്വയർമെന്റ് പ്രോഗ്രാം ഓഫീസർ മുഖാന്തിരം ശേഖരിച്ച് ആയതിന്റെ 45% കണക്കാക്കിയാണ് ഗോതമ്പ് കുടുംബശ്രീയ്ക്ക് നൽകുന്നത്. എന്നാൽ ഓരോ ക്വാർട്ടറിലും കുടുംബശ്രീയ്ക്ക് അനുവദിക്കുന്ന ഗോതമ്പിന്റെ ആനുപാതികമായി ന്യൂട്രിമിക്സ് ലഭിക്കുന്നില്ല എന്ന് വിവിധ കണക്കുകൾ ശേഖരിച്ചതിൽ നിന്നും കാണുന്നു. ഗോതമ്പ് തികയുന്നില്ല എന്ന പരാതി ന്യൂട്രിമിക്സ് യൂണിറ്റുകളും ഉന്നയിക്കുന്നുണ്ട്. ആയതിനാൽ ഓരോ ക്വാർട്ടറിലും കുടുംബശ്രീയ്ക്ക് അനുവദിക്കുന്ന ഗോതമ്പ് കൃത്യമായി യൂണിറ്റുകളിൽ എത്തുന്നുണ്ടോ എന്ന വിവരം ബന്ധപ്പെട്ട CDPO /സൂപ്പർവൈസർ പരിശോധിക്കേണ്ടതാണ്. 2016-17 3 rd ക്വാർട്ടർ ഗോതമ്പ് അനുവദിച്ചത് ഡിസംബർ 25 നുള്ളിൽ യൂണിറ്റുകളിൽ എത്തുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന നടപടികൾ പാലിക്കേണ്ടതാണ്.

1. ഓരോ യൂണിറ്റുകളും ഗോതമ്പ് ഏറ്റെടുത്ത് യൂണിറ്റുകളിൽ എത്തുമ്പോൾ സിഡിപിഒ/സൂപ്പർവൈസർ യൂണിറ്റിൽ എത്തിച്ചേരേണ്ടതാണ്.
2. യൂണിറ്റുകളിൽ എത്തിയ ഗോതമ്പ് CDPO /ബന്ധപ്പെട്ട ഏരിയ സൂപ്പർവൈസർ physical പരിശോധന നടത്തി FCI ഗോഡൗണിൽ നിന്നും ഏറ്റെടുത്ത ഗോതമ്പും യൂണിറ്റിൽ എത്തിയ ഗോതമ്പും തമ്മിൽ പൊരുത്തപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

TSS/-

PDF processed with CutePDF evaluation edition www.CutePDF.com

3. സിഡിപിഒ/ഓരോ സൂപ്പർവൈസർമാരും യൂണിറ്റിൽ ഓരോ ക്വാർട്ടറിലും എത്തിയ ഗോതമ്പിന്റെ അളവ് സംബന്ധിച്ച റിപ്പോർട്ട് ജില്ലാ മിഷൻ കോർഡിനേറ്ററുമായി ബന്ധപ്പെട്ട് സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്.
4. യൂണിറ്റിൽ എത്തിയ ഗോതമ്പിന്റെ വിവരങ്ങൾ യൂണിറ്റിന്റെ സ്റ്റോക്ക് ബുക്കിൽ രേഖപ്പെടുത്തി എന്ന് ഉറപ്പാക്കേണ്ടതും സിഡിപിഒ/ സൂപ്പർവൈസർ കൗണ്ടർ സൈൻ ചെയ്യേണ്ടതുമാണ്.
5. നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കിയ റിപ്പോർട്ട് CDPO, ജില്ലാ മിഷൻ കോർഡിനേറ്റർ എന്നിവർ സംയുക്തമായി സാക്ഷ്യപ്പെടുത്തി പ്രോഗ്രാം ആഫീസർക്ക് സമർപ്പിക്കേണ്ടതും പ്രോഗ്രാം ഓഫീസർ ക്രോഡീകരിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

ഉള്ളടക്കം : നിശ്ചിത പ്രൊഫോർമ.

Premna M

for സാമൂഹ്യനീതി ഡയറക്ടർ

പകർപ്പ്:
എല്ലാ CDPO മാർക്കും
എല്ലാ സൂപ്പർവൈസർമാർക്കും

**NB:** 2016-17 3 rd ക്വാർട്ടർ ഗോതമ്പ് ഏറ്റെടുത്തത് സംബന്ധിച്ച റിപ്പോർട്ട് 2017 ജനുവരി 5 നകം ലഭ്യമാക്കേണ്ടതാണ്.

TSS/-

# Proforma
## Supply of Wheat in Amrutham Nutrimix Unit

District :
Project :
Quarter I , II, III , IV

| Sl. No. | Name and Address of Unit | Date of receipt of Wheat | Quantity of Wheat received | Remarks if any |
|---|---|---|---|---|
| | | | | |
| | | | | |

Name of Unit Secretary
Signature with date

Name of Supervisor
signature with date

Name of Official DMC
Signature with date

Place :
Date :